ആരെയും പോലീസ് സർജൻമാരായി നിയമിക്കാത്തതിനാൽ മെഡിക്കൽ കോളേജില്ലാത്ത ജില്ലകളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ ;

(ബി) ആരോഗ്യ വകുപ്പിലെ ജില്ലാ പോലീസ് സർജൻ തസ്തികകൾ സ്പെഷ്യാലിറ്റി കേഡറിലെ ഫോറൻസിക് മെഡിസിൻ തസ്തികകൾക്ക് അനുസൃതമായി ജൂനിയർ കൺസൾട്ടന്റിനെ അസിസ്റ്റന്റ് പോലീസ് സർജനായും കൺസൾട്ടന്റിനെ ഡെപ്യൂട്ടി പോലീസ് സർജനായും സീനിയർ കൺസൾട്ടന്റിനെ പോലീസ് സർജനായും പുനർനാമകരണം ചെയ്യണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ശിപാർശ അംഗീകരിച്ച് ഓരോ ജില്ലയിലും ഒരു പോലീസ് സർജനെയെങ്കിലും സേവനം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പിനു കീഴിലുള്ള ഫോറൻസിക് മെഡിസിൻ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക പോലീസ് സർജന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് പുനർനിർണ്ണയം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുകയും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങളോടുകൂടി പ്രൊപ്പോസൽ പുനർ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ്

19 (2228) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ് കഴിഞ്ഞ മുപ്പതു വർഷത്തിനിടെ ഒരിക്കൽ പോലും പരിഷ്കരിച്ചിട്ടില്ലാത്തിതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ പ്രകാരം ആറായിരം രൂപ, എണ്ണായിരം രൂപ നിരക്കിൽ പരിഷ്കരിക്കാമെന്ന് സർക്കാർ നൽകിയ വാഗ്ദാനം നടപ്പിലാക്കിയോ ;

(ബി) വർഷങ്ങളായി ഉന്നയിക്കപ്പെടുന്ന ഈ ആവശ്യം ശമ്പള പരിഷ്കരണ കമ്മീഷന് അയക്കില്ലെന്നും അടിയന്തരമായി നടപ്പാക്കുമെന്നും കഴിഞ്ഞ വർഷം നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala.Legislative Assembly

ഉത്തരം

(എ&ബി) സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും പോലീസ് സർജന്മാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുകയാണ്.

ഹോമിയോ, ആയുർവേദ ഡിസ്പെൻസറികൾ

20 (2229) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി. ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഹോമിയോ ഡിസ്പെൻസറികളും ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) ആയുർവേദ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011-ന് ശേഷം ഇതുവരെ എത്ര ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 77 ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളും സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) ആയുർവേദ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം 54 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011-നുശേഷം ഇതുവരെ 77 ഗവൺമെന്റ് ആയുർവേദ